## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ – 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. പ്രീതി. എസ്. നെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

സൂചന :- 1. കാസർകോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ2-10468/2020/, തീയതി. 10.11.2020 കത്ത്

2. KGD IV(1) 2235/2000/KPSC, Kasaragod, Dated: 05.04.2005

3.ഉത്തരവ് നമ്പർ എ3-12830/03/ജി.മെ.ഒ, കാഞ്ഞങ്ങാട്, തീയതി. 03.06.2005

4. ഉത്തരവ് നമ്പർ ഇ. എസ്5-29955/2011/ആ.വ.ഡ, തീയതി. 07.05.2012

5. നോട്ടീസ് നം. ഇ. എസ്5-29955/2011/ആ.വ.ഡ, തീയതി. 17.12.2020

## ഉത്തരവ് നമ്പർ ഇ.എസ്5/29955/2011/ആ.വ.ഡ, തീയതി. 27/01/2021

ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പള്ളിക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. പ്രീതി. എസ് നൽകിയ അപേക്ഷ സൂചന 1 കത്ത് പ്രകാരം കാസർകോഡ് ജില്ലാ മെഡിക്കൽ ഓഫീസർ അയച്ചു തന്നിരുന്നു.

ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.12.2010 വരെ കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 4 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

ശ്രീമതി. പ്രീതി. എസ് സൂചന 2, 3, പ്രകാരമുള്ള പി. എസ്. സി അഡ്വൈസിന്റെയും, ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 13.06.2005 ൽ ജോലിയിൽ പ്രവേശിച്ചു. ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം വിദേശത്ത് ജോലിക്കായി 22.01.2010 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 20.08.2020 ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

ടിയാന് 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ. അജിത് കുമാർ. വി. കെ (362), ശ്രീ. രവികുമാർ. ടി. കെ (363), എന്നീ ജീവനക്കാരുടെ ഇടയ്ക്കായി സ്ഥാനം ലഭിക്കാൻ അർഹതയുള്ളതിനാൽ ശ്രീമതി. പ്രീതി. എസിന് 362 (A) എന്ന സ്ഥാനം താൽക്കാലികമായി നൽകി സൂചന 5 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ടി വിഷയത്തിന്മേൽ ആക്ഷേപങ്ങളോ പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കുവാൻ കൃത്യമായ സമയം നൽകിയിരുന്നെങ്കിലും പരാതികളോ ആക്ഷേപങ്ങളോ നാളിതുവരെ ലഭിച്ചിട്ടില്ല.

ആയതിനാൽ ശ്രീമതി. പ്രീതി. എസ്. (ലാബ് ടെക്നീഷ്യൻ ഗ്രേഡ്- 2)ന് പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 362 (A) സ്ഥാനം നൽകി സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

വിശദമായി പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No | Name PEN No | Date of Birth | Qualifi cation | PSC Advice Order No & Date | Date of entry in Service | Date assigning seniority | Rank No. in Seniority list of Lab Tech Gr. II (01.01.1997 to 31.12.2010) | Remarks |
|---|---|---|---|---|---|---|---|---|
| 1 | **Preethy. S 896360** | **24.05.1977** | **PDC, DMLT** | KGD IV(1) 2235/2000/KPSC,Kasaragod, Dated: 05.04.2005 | 13.06.2005 | **05.04.2005** | **362 (A)** | LWA from 22.01.2010 to 19.08.2020, After LWA rejoined for duty on 20.08.2020 |

ഒപ്പ്/-

ഡോ. പ്രീത. പി. പി

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)i/c

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസമാർക്കും
   (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, പള്ളിക്കര, കാസർകോഡ്
2. ശ്രീമതി. പ്രീതി. എസ്, ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2, പ്രാഥമികാരോഗ്യ കേന്ദ്രം, പള്ളിക്കര, കാസർകോഡ്
3. സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്